**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 291** **22-02-2022 - ൽ മറുപടിയ്ക്ക്**

**പുതിയ റേഷൻ കടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പുതിയതായി റേഷൻ കടകൾ അനുവദിയ്ക്കുന്നതിന് തീരുമാനച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിയ്ക്കാൻ ഉദ്ദേശിക്കുന്ന റേഷൻ കടകളുടെ എണ്ണം എത്ര എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 11 പുതിയ റേഷൻകടകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഏതെങ്കിലും പ്രദേശത്ത് റേഷൻകടകളില്ലാത്തതിനാലും തൊട്ടടുത്ത റേഷൻകടകളുടെ നിലനിൽപ്പിനെ ബാധിക്കാത്ത വിധം ഒരു റേഷൻ കടയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ വിധം മിനിമം റേഷൻകാർഡുകൾ കണ്ടെത്തി പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ആഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ, സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ സിവിൽ സപ്ലൈസ് കമ്മീഷണർ മുഖാന്തിരം ലഭ്യമാക്കി, പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി സ്വീകരിക്കുന്നു. അനന്തരാവകാശികൾ ഇല്ലാത്തതും പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തി സ്ഥിരമായി റദ്ദ് ചെയ്യതുമായ 599 റേഷൻ ഡിപ്പോകളുടെ ലൈസൻസി നിയമനത്തിനായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ താല്ക്കാലികമായി സസ്പെന്റ് ചെയ്ത റേഷൻ ഡിപ്പോകൾ സംബന്ധിച്ച വിഷയം തീർപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും അദാലത്ത് സംഘടിപ്പിക്കുകയും സ്ഥിരമായി റദ്ദ് ചെയ്യപ്പെട്ട 135 റേഷൻ ഡിപ്പോകളുടെ ലൈസൻസി നിയമനം വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (ബി) | ചവറ നിയോജക മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര റേഷൻ കടകളാണ് അനുവദിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | ചവറ നിയോജക മണ്ഡലത്തിലെ പന്മന പഞ്ചായത്തിൽ മേൽ പറഞ്ഞ പ്രകാരം ഒരു |

| | | | |
|---|---|---|---|
| | | | ഡിപ്പോയ്ക്ക് പുതിയ ലൈസൻസിയെ നിയമിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ